## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4442 13.11.2019-ൽ മറുപടിക്ക്

### മുണ്ടേരി വനത്തിനുള്ളിലെ കോളനി നിവാസികളുടെ പുനരധിവാസം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പാറക്കൽ അബ്ദുല്ല :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | മുണ്ടേരി വനത്തിനുള്ളിലെ കോളനി നിവാസികളുടെ പുനരധിവാസത്തിന് ഭൂമി ലഭ്യമാക്കുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ഭൂമി എന്നത്തേക്ക് ലഭ്യമാകുമെന്നാണ് സർക്കാർ കരുതുന്നതെന്ന് വ്യക്തമാക്കുമോ; | എ) | മലപ്പുറം ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ 16.10.2019-ന് ചേർന്ന ഊരുക്കൂട്ടയോഗത്തിൽ ടി വനത്തിനുള്ളിലുള്ള കോളനി നിവാസികൾ നിലവിലെ കോളനിക്ക് സമീപത്തുള്ള വനപ്രദേശത്ത് പുനരധിവസിപ്പിക്കുന്നതിന് താൽപര്യം അറിയിച്ചതിനാൽ ആയത് സംബന്ധിച്ച് തുടർനടപടി സ്വീകരിക്കാൻ വനം വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി) | കുമ്പളപ്പാറ, തരിപ്പപൊട്ടി, വാണിയംപുഴ, തണ്ടൻകല്ല് എന്നീ നാല് കോളനികളിലെ പുനരധിവാസം സാധ്യമാകണമെങ്കിൽ വനഭൂമി വിട്ടുകിട്ടേണ്ടതായിട്ടുണ്ടോ; | ബി) | വനത്തിൽ നിന്നും പുറത്ത് വന്ന് താമസിക്കാൻ ഇവർ താൽപര്യം കാണിക്കാത്തതിനാൽ ടി കുടുംബങ്ങളെ വനത്തിനുള്ളിൽ ടിയാളുകൾ താൽപര്യപ്പെടുന്ന സ്ഥലത്ത് പുനരധിവസിപ്പിക്കുന്നതിന് വനഭൂമി വിട്ടുകിട്ടേണ്ടതുണ്ട്. |
| സി) | ഇതിന് സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും അനുമതി ആവശ്യമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | സി) | വനാവകാശ നിയമപ്രകാരം നൽകാമോ എന്നത് സംബന്ധിച്ച് ഡി.എൽ.സി തലത്തിൽ തീരുമാനം എടുത്തിട്ടില്ല. വനത്തിലേക്ക് പുനരധിവസിപ്പിക്കുന്നതിന് വനസംരക്ഷണ നിയമപ്രകാരം കേന്ദ്രാനുമതി ആവശ്യമാണ്. |
| ഡി) | പ്രളയം ബാധിച്ച ഈ കോളനി നിവാസികളിൽ ആർക്കും അടിയന്തര സഹായധനമായ പതിനായിരം രൂപ ലഭിച്ചില്ലെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | ഡി) | പ്രളയം ബാധിച്ച കോളനി നിവാസികളിൽ ആർക്കും അടിയന്തിര സഹായധനമായ പതിനായിരം രൂപ ലഭിച്ചില്ലെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായി. റവന്യൂ വകുപ്പിൽ നിന്നും അടിയന്തിര സഹായമായ പതിനായിരം രൂപ ലഭിച്ചില്ലെന്ന പരാതി ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ